എൽഡിഎഫ് സർക്കാർ വാർഷികം

ഇന്ന് സൂഫി സംഗീത സദസ്സ്

ഉത്സവമായി 'എന്റെ കേരളം'

തിരൂർ

വിജ്ഞാനവും ആനന്ദവും സമ്മാനിച്ച് തിരൂരിൽ 'എന്റെ കേരളം' മെഗാ മേള നാലാം ദിനത്തിലേക്ക്. ജില്ലയുടെ വിവിധ ഭാഗങ്ങളിൽനിന്നെത്തുന്ന ആയിരങ്ങൾക്ക് രാവും പകലും സന്തോഷ നിമിഷങ്ങൾ ഒരുക്കി മെഗാമേള നാടിന്റെ ഉത്സവമായി.

10ന് തുടങ്ങിയ പ്രദർശന വിപണന ഭക്ഷ്യ മെഗാമേളയിൽ ഇതിനകം ഭാഗമായത് ആയിരങ്ങൾ. സ്ത്രീകളും കുട്ടികളുമടക്കം മേളയിലേക്ക് ഒഴുകിയെത്തുകയാണ്. വേനൽ അവധിക്കാലത്തെ മേള സ്കൂൾ, കോളേജ് വിദ്യാർഥികളും യുവജനങ്ങളും ഏറെ ആവേശത്തോടെയാണ് നെഞ്ചേറ്റിയത്. വെള്ളി രാത്രി എഴിന് സമീർ ബിൻസിയും ഇമാം മജ്ബൂറും സംഘവും സൂഫി സംഗീതാസ്വാദകരുടെ മനസ്സുകളിൽ കുളിർമഴ പെയ്യിക്കും. തവനൂർ ചിൽഡ്രൻസ് ഹോമിലെ അന്തേവാസികളായ കുട്ടികളുടെ നാടകം വൈകിട്ട് 5.30നും അരങ്ങേറും.

സർക്കാർ വകുപ്പുകളുടെ പ്രദർശന സ്റ്റാളുകൾ സന്ദർശിച്ചവർക്ക് പ്രദീപ് നിലമ്പൂർ അവതരിപ്പിച്ച മാജിക് ഷോ വേറിട്ട അനുഭവം സമ്മാനിച്ചു.

കുടുംബശ്രീയുടെ കരകൗശല വിൽപ്പന ശാലകളും ഫുഡ് സ്റ്റാളും സജീവമായിക്കഴിഞ്ഞു. നിലമ്പൂരിലെ ഗോത്രവിഭാഗങ്ങളുടെ വനവിഭവങ്ങൾ, ഗോത്ര വിഭാഗങ്ങളുടെ പരമ്പരാഗത വാദ്യോപകരണങ്ങൾ, അച്ചാറുകൾ, തേൻ, ഗോത്ര മേഖലയിലെ തനത് ഉൽപ്പന്നങ്ങൾ പരിചയപ്പെടുത്തുന്ന നങ്കമോട സ്റ്റാളും പ്രദർശനത്തിലെ മുഖ്യാകർഷകങ്ങളാണ്. പ്രദർശനത്തിനെത്തുന്നവരെ സജീവമാക്കുന്നതിനായി ഓരോ വകുപ്പും വിവിധ മത്സരങ്ങൾ സംഘടിപ്പിച്ച് ആകർഷകമായ സമ്മാനങ്ങളും നൽകുന്നുണ്ട്. 'ജീവിതം ലഹരിയാക്കൂ' എന്ന സന്ദേശം കുട്ടികളിലെത്തിക്കുന്നതിനായി എക്സൈസ് വകുപ്പ് ഒരുക്കിയ അമ്പെയ്ത്ത് മത്സരവും പ്രദർശനത്തിലെത്തുന്ന കുട്ടികൾക്ക് പ്രിയമേറുകയാണ്.

'എന്റെ കേരളം' മെഗാമേളയിലെ സ്റ്റാളുകളിലെ തിരക്ക്

ആരോഗ്യ വകുപ്പിന്റെ 'ഏകലോകം ഏകാരോഗ്യം' സെമിനാറും ആന്റിബയോട്ടിക് സാക്ഷരത കൈവരിക്കുന്നതിനായി സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് സംഘടിപ്പിച്ച 'ആന്റിബയോട്ടിക് സാക്ഷര കേരളം 2023 എന്ത്, എന്തിന്, എങ്ങനെ?' എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാറും ജനപങ്കാളിത്തംകൊണ്ട് ശ്രദ്ധേയമായി.

കണ്ണീർ വീഴാതിരിക്കാനുള്ള ജാഗ്രത

ഡ്രൈവിങ്ങിന്റെ പ്രാഥമിക പഠനം തിരൂരങ്ങാടി ജോയിന്റ് ആർടിഒ എം പി അബ്ദുൽ സുബൈർ നൽകുന്നു

തിരൂർ

കണ്ണീരൊപ്പുന്നതിലല്ല, കണ്ണീർ വീഴാതിരിക്കാനുള്ള ജാഗ്രതയാണ് വേണ്ടതെന്ന സന്ദേശവുമായി ജനമനസ്സിലിടംനേടുകയാണ് മോട്ടോർ വാഹന വകുപ്പിന്റെ പ്രദർശനം. സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികാഘോഷങ്ങളുടെ ഭാഗമായി തിരൂരിൽ സംഘടിപ്പിച്ച 'എന്റെ കേരളം' പ്രദർശന വിപണന മേളയിലെ മുഖ്യ ആകർഷണമായി മോട്ടോർ വാഹന വകുപ്പിന്റെ സ്റ്റാൾ മാറുകയാണ്. ജനോപകാര പ്രവർത്തനങ്ങളും റോഡ് സുരക്ഷാ ബോധവൽക്കരണവുംകൊണ്ട് സജീവമായ സ്റ്റാൾ ജനപങ്കാളിത്തംകൊണ്ടും ശ്രദ്ധേയമാണ്. ഓൺലൈൻ സേവനങ്ങൾ ജനങ്ങൾക്ക് വിവരിച്ചുകൊടുക്കുകയും, കുടിശ്ശികയുള്ളവർക്ക് ആശ്വാസമായ പുതിയ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ജനങ്ങളിലേക്ക് എത്തിച്ചും പ്രശംസ പിടിച്ചുപറ്റുകയാണ് അധികൃതർ. സിമിലേറ്ററിന്റെ സഹായത്തോടെ ഡ്രൈവിങ്ങിന്റെ പ്രാഥമിക പഠനവും പുതുക്കിയ ഗതാഗത നിയമങ്ങളും ആളുകൾക്ക് പകർന്ന് നൽകുന്നതോടൊപ്പം സമ്മാനങ്ങൾ ഏർപ്പെടുത്തി ആളുകളെ ഇതിലേക്കാകർഷിക്കുകയും ചെയ്യുന്നു. മോട്ടോർ വാഹന വകുപ്പ് തയ്യാറാക്കുന്ന ചോദ്യാവലികൾക്ക് ശരിയുത്തരം നൽകുന്നവർക്ക് പ്രോത്സാഹന സമ്മാനങ്ങളും നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ദിനേന ബംബർ സമ്മാനമായി സൗജന്യ ഹെൽമെറ്റും നൽകുന്നുണ്ട്. സ്റ്റാൾ സന്ദർശിക്കുന്ന ഓരോ വ്യക്തികൾക്കും റോഡ് സുരക്ഷാ സന്ദേശങ്ങൾ അടങ്ങിയ ലഘുലേഖകൾ, സൗജന്യ കീ ചെയിനുകൾ, ബലൂൺ, വിസിറ്റിങ് കാർഡ്, എന്നിവ ഉൾപ്പെടെ നിരവധി പ്രോത്സാഹന സമ്മാനങ്ങളും നൽകുന്നുണ്ട്.

ആർടിഒ കെ കെ സുരേഷ് കുമാറിന്റെയും ജില്ലയിലെ എല്ലാ ജോയിന്റ് ആർടിഒമാരുടെയും നേതൃത്വത്തിലാണ് സ്റ്റാൾ പ്രവർത്തിക്കുന്നത്.

അടുത്തറിയാം ചക്രവട്ടം പദ്ധതി

തിരൂർ

സംസ്ഥാനത്തെ ഏറ്റവും വലിയ ജലസംഭരണിയായി മാറാൻപോകുന്ന ചക്രവട്ടം റെഗുലേറ്റർ കം ബ്രിഡ്ജിനെ അടുത്തറിയാൻ ജലസേചന വകുപ്പിന്റെ പ്രത്യേക സ്റ്റാൾ.

സംസ്ഥാന സർക്കാരിന്റെ ഒന്നാംവാർഷിക ഭാഗമായി നടക്കുന്ന എന്റെ കേരളം പ്രദർശനത്തിലാണ് ചക്രവട്ടം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ പ്രാധാന്യം ജനങ്ങളിലെത്തിക്കുന്ന മാതൃക ഒരുക്കിയിട്ടുള്ളത്. കോഴിക്കോട്–എറണാകുളം യാത്രക്കാരുടെ ഇഷ്ടപാത എന്നതിലുപരി കൃഷി, ജലസേചനം, വിനോദസഞ്ചാരം തുടങ്ങിയ മേഖലകളിൽ ചക്രവട്ടം പദ്ധതിയുടെ ലക്ഷ്യങ്ങൾ വിശദീകരിക്കുകയാണ് പ്രദർശനത്തിന്റെ ലക്ഷ്യം. ഒരുകിലോമീറ്ററോളമുള്ള പാലത്തിന്റെ വലിപ്പം മനസ്സിലാക്കത്തക്കവിധം നിശ്ചിത അനുപാതത്തിലാണ് മിനിയേച്ചർ മാതൃക ഒരുക്കിയിരിക്കുന്നത്. പാലവും പദ്ധതി പ്രദേശവും ജലവിതാനവും ചുറ്റി നടന്ന് കാണാവുന്നവിധത്തിലാണ് സ്റ്റാളിന്റെ സജ്ജീകരണം. ജലസേചന വകുപ്പിനുവേണ്ടി ഊരാളുങ്കൽ സൊസൈറ്റിയുടെ യുഎൽസിഎസ് ഡിസൈൻ സ്ടാറ്റജി ലാബാണ് പാലത്തിന്റെ ടേബിൾ ടോപ് മിനിയേച്ചർ മാതൃക ഒരുക്കിയത്. പദ്ധതിയുടെ പൂർണത മനസ്സിലാക്കുന്നതിനുള്ള ത്രിമാന വീഡിയോയും പദ്ധതിയുടെ നാൾവഴികൾ വരച്ചുകാട്ടുന്ന കലാകാരൻ ഉദയൻ എടപ്പാൾ ഒരുക്കിയ സാൻഡ് ആർട്ടും ഇതോടൊപ്പം പ്രദർശിപ്പിക്കുന്നുണ്ട്. പാലം വരുന്നതിന് മുമ്പുണ്ടായിരുന്ന കടത്ത് തോണിയും പടിപടിയായുള്ള പദ്ധതി പൂർത്തീകരണവുമാണ് സാൻഡ് ആർട് വീഡിയോയിലുള്ളത്. ജലസേചന വകുപ്പ് എക്സിക്യൂട്ടീവ് എൻജിനിയർ യു കെ ഗിരീഷ്കുമാർ, അസി. എക്സിക്യൂട്ടീവ് എൻജിനിയർമാരായ എസ് സീന ബീഗം, എം വി ദിലീപ് കുമാർ, അസി. എൻജിനിയർമാരായ ജി ഗിരീഷ്, അക്ബർ കൊളക്കാടൻ എന്നിവരുടെ ആശയത്തിന് നിറംപകർന്നത് ക്യൂറേറ്റർ പി വി യാസിർ, ഇല്യാസ് ആർട്യൂണിക് (ആർട് ഇല്യൂഷൻ), ഷൗക്കത്ത് അലി, ടി ബഷീർ, പ്രദീപ് (ഇൻസറ്റലേഷൻ), വിനോദ് കുമാർ (ശിൽപ്പി) എന്നിവരാണ്. തിരൂർ പോളിടെക്നിക് ഗ്രൗണ്ടിലെ വിശാലമായ ബങ്കറിൽ ഒരുക്കിയ സ്റ്റാൾ കെ ടി ജലീൽ എംഎൽഎ സന്ദർശിച്ചു.

പ്രദർശനമേളയിൽ ചക്രവട്ടം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ടേബിൾ ടോപ് മിനിയേച്ചർ മാതൃക കെ ടി ജലീൽ എംഎൽഎ കാണുന്നു

പ്രദർശന മെഗാ മേള വേദിയിൽ ഇന്ന്

തിരൂർ

'എന്റെ കേരളം' മെഗാ മേളയിൽ വെള്ളി രാവിലെ 10ന് ലീഗൽ മെട്രോളജി വകുപ്പിന്റെ 'ഉപഭോക്തൃ സംരക്ഷണവും ലീഗൽ മെട്രോളജി വകുപ്പും' എന്ന വിഷയത്തിൽ സെമിനാർ നടക്കും.

പകൽ രണ്ടിന് 'മാറുന്ന കാലത്തെ വിദ്യാഭ്യാസം' എന്ന വിഷയത്തിൽ എസ് സിഇആർടി ഡയറക്ടർ ഡോ. ആർ ജയപ്രകാശ് ക്ലാസെടുക്കും. തുടർന്ന് വൈകിട്ട് 5.30ന് തവനൂർ ഗവ. ചിൽഡ്രൻസ് ഹോമിലെ കുട്ടികളുടെ നാടകം അരങ്ങേറും. വൈകിട്ട് ഏഴിന് സമീർ ബിൻസിയും ഇമാം മജ്ബൂറും അവതരിപ്പിക്കുന്ന സൂഫി സംഗീതം.

അതിജീവനത്തിന് ഊർജമായി 'ഏകലോകം ഏകാരോഗ്യം' സെമിനാർ

തിരൂർ

മഹാമാരികളെ മറികടന്ന നാടിന്റെ തുടർ പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഊർജംപകർന്ന് 'ഏകലോകം ഏകാരോഗ്യം' സെമിനാർ. സംസ്ഥാന സർക്കാറിന്റെ ഒന്നാംവാർഷികാഘോഷത്തോടനുബന്ധിച്ച് ആരോഗ്യവകുപ്പും ആരോഗ്യ കേരളവും ചേർന്ന് നടത്തിയ സെമിനാറിൽ ശാരീരികവും മാനസികവുമായ പ്രതിസന്ധികളെ അതിജീവിക്കാനുള്ള ആരോഗ്യസംരക്ഷണ മാർഗം ചർച്ചയായി. കോവിഡിനുശേഷം മഹാമാരി ആവർത്തിക്കാനുള്ള സാധ്യതകളും സ്വീകരിക്കേണ്ട മുൻകരുതലുകളും സെമിനാർ വിശദീകരിച്ചു. മനുഷ്യരുടെ ആരോഗ്യം, ജന്തുജന്യ രോഗങ്ങൾ, പരിസ്ഥിതിയും ആരോഗ്യവും, സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ ഘടകങ്ങൾ എന്നീ ആശയങ്ങളിലൂന്നിയുള്ള ക്ലാസുകളും സംവാദവും നടന്നു.

തിരൂർ ഗവ. ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ സംഘടിപ്പിച്ച സെമിനാർ തിരുവനന്തപുരം എംസിഎച്ച് കമ്യൂണിറ്റി മെഡിസിൻ അസോസിയേറ്റ് പ്രൊഫസർ ഡോ. ടി എസ് അനീഷ്, മലയാള സർവകലാശാല പരിസ്ഥിതി പഠന സ്കൂൾ അസി. പ്രൊഫസർ ഡോ. ജയ്നി വർഗീസ്, മണ്ണുത്തി വെറ്ററിനറി കോളേജ് അസോസിയേറ്റ് പ്രൊഫസർ ഡോ. കെ വൃന്ദ മേനോൻ എന്നിവർ ക്ലാസെടുത്തു. മലപ്പുറം എൻസിഡി ഡോ. കെ പി അഹമ്മദ് അഫ്സൽ അധ്യക്ഷനായി. ജില്ലാ ആർസിഎച്ച് ഓഫീസർ ഡോ. എ ഷിബുലാൽ, ജില്ലാ മെഡിക്കൽ ഓഫീസിലെ ഡോ. നവ്യ ജെ തൈക്കാട്ടിൽ, ജില്ലാ ടിബി ഓഫീസർ ഡോ. സി ഷുബിൻ എന്നിവർ പങ്കെടുത്തു. മലപ്പുറം ആർദ്രം നോഡൽ ഓഫീസർ ഡോ. വി ഫിറോസ് ഖാൻ സ്വാഗതവും ജില്ലാ മാസ് മീഡിയ ഓഫീസർ പി രാജു നന്ദിയും പറഞ്ഞു.

■ എൽഡിഎഫ് അവിശ്വാസം പാസായി

ചുങ്കത്തറ പഞ്ചായത്ത് വൈസ് പ്രസിഡന്റും പുറത്ത്

എടക്കര

ചുങ്കത്തറ പഞ്ചായത്ത് വൈസ് പ്രസിഡന്റിനെതിരെ എൽഡിഎഫ് അംഗങ്ങൾ നൽകിയ അവിശ്വാസം പാസായി. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലീഗിലെ സൈനബ മാമ്പള്ളി സ്ഥാനത്തുനിന്ന് പുറത്തായി. വ്യാഴം പകൽ 11ന് ചുങ്കത്തറ പഞ്ചായത്ത് ഹാളിലാണ് അവിശ്വാസപ്രമേയ നോട്ടീസ് ചർച്ച നടത്തിയത്. നിലമ്പൂർ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ എ ജെ സന്തോഷായിരുന്നു വരണാധികാരി. 20 അംഗങ്ങളിൽ 11 പേരും പിന്തുണച്ചതോടെ അവിശ്വാസം പാസായി. പ്രസിഡന്റ് കോൺഗ്രസിലെ വത്സമ്മ സെബാസ്റ്റ്യൻ മുമ്പ് അവിശ്വാസ പ്രമേയത്തിലൂടെ പുറത്തായിരുന്നു. എൽഡിഎഫ് പിന്തുണയിൽ എം കെ നജ്മുന്നീസയാണ് ഇപ്പോൾ പഞ്ചായത്ത് പ്രസിഡന്റ്. 20 അംഗ ഭരണസമിതിയിൽ നിലവിലെ പഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെ 11 പേരുടെ പിന്തുണ എൽഡിഎഫിനാണ്. യുഡിഎഫിലെ അനൈക്യം കാരണം ഒന്നര വർഷം ഭരണസ്തംഭനമായിരുന്നു. പുതിയ വൈസ് പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്നതിന് ഇലക്ഷൻ കമീഷന് വിവരം കൈമാറിയതായി ബിഡിഒ അറിയിച്ചു.

പുഴയിൽവീണ നവജാതശിശുവിനെ കണ്ടെത്താനായില്ല

പെരിന്തൽമണ്ണ

ഏലംകുളം മപ്പാട്ടുകര റെയിൽവേ പാലത്തിന് മുകളിൽ അമ്മയുടെ കൈയിൽനിന്ന് പുഴയിലേക്കുവീണ നവജാതശിശുവിനെ കണ്ടെത്താനായില്ല. പുഴയിലും പരിസരങ്ങളിലും നടത്തുന്ന തിരച്ചിൽ വ്യാഴാഴ്ചയും തുടർന്നു.

വ്യാഴം രാവിലെ അഗ്നിരക്ഷാ സേനയുടെ അഞ്ച് യൂണിറ്റുകളും സിവിൽ ഡിഫൻസ് അംഗങ്ങളും പൊലീസും നാട്ടുകാരുമടക്കം 70 ലേറെപ്പേരുടെ സംഘമാണ് തിരച്ചിലിനിറങ്ങിയത്. പാലത്തിന് താഴ്ഭാഗത്ത് കട്ടുപ്പാറ തടയണ മുതൽ പാലംവരെയുള്ള രണ്ടു കിലോമീറ്ററിലേറെ ദൂരം പുഴയുടെ ഇരുവശവും വിശദമായി പരിശോധിച്ചു. മൂന്ന് റബർ വള്ളങ്ങളടക്കം എത്തിച്ചായിരുന്നു തിരച്ചിൽ. റെയിൽപ്പാളത്തിന് ഇരുവശവുമുള്ള പൊന്തക്കാടുകളിലും തിരച്ചിൽ നടത്തി. കുട്ടിയുടെ അമ്മയുടെ വീടിന് സമീപത്തെ പറമ്പുകളിലും കിണറുകളിലുമടക്കം പരിശോധന നടത്തിയെങ്കിലും കണ്ടെത്താനായില്ല. ചൊവ്വ രാത്രി 11ഓടെയാണ് മാനസിക അസ്വാസ്ഥ്യത്തിന് ചികിത്സ തേടുന്ന 33കാരിയുടെ കുഞ്ഞിനെ കാണാതായത്. രാത്രി വീടിന് സമീപത്തുള്ള മപ്പാട്ടുകര പാലത്തിന് മുകളിൽ കുഞ്ഞുമായി നിൽക്കുമ്പോൾ തീവണ്ടി വന്നു. പാലത്തിന്റെ സുരക്ഷിതഭാഗത്തേക്ക് മാറി നിൽക്കവേ തീവണ്ടി കടന്നുപോയപ്പോഴുണ്ടായ വിറയലിൽ കൈയിൽനിന്ന് കുഞ്ഞ് താഴേക്ക് വീണെന്നാണ് യുവതി ബന്ധുക്കളോട് പറഞ്ഞത്. ചൊവ്വ രാത്രിയും ബുധനാഴ്ചയും തിരച്ചിൽ നടത്തിയെങ്കിലും കുഞ്ഞിനെ കണ്ടെത്താനായില്ല. തുടർന്നാണ് കൂടുതൽപ്പേരെ ഉൾപ്പെടുത്തി വ്യാഴാഴ്ച വിശദമായ തിരച്ചിൽ നടത്തിയത്. ഉച്ചയോടെയുണ്ടായ കനത്ത മഴയും തിരച്ചിലിന് തടസ്സമായി.

■ പാചകവാതക വിലവർധന

അടുക്കളകൾ പൂട്ടിക്കരുത്

കെഎസ്കെടിയു വനിതാ സബ് കമ്മിറ്റി നേതൃത്വത്തിൽ കേന്ദ്ര സർക്കാർ ഓഫീസുകളിലേക്ക് മാർച്ച് നടത്തി

പാചകവാതക വിലവർധനയിൽ പ്രതിഷേധിച്ച് കെഎസ്കെടിയു വനിത സബ് കമ്മിറ്റിയുടെ നേതൃത്വത്തിൽ മലപ്പുറം ഹെഡ് പോസ്റ്റ് ഓഫീസിലേക്ക് നടത്തിയ മാർച്ച്

തിരുവനന്തപുരം/മലപ്പുറം

പാചകവാതക വില കുത്തനെ കൂട്ടി അടുക്കളകൾ പൂട്ടിക്കുന്ന കേന്ദ്ര സർക്കാർ നടപടിക്കെതിരെ കർഷകത്തൊഴിലാളി വനിതകളുടെ ഉശിരൻ പ്രതിഷേധം. കർഷകത്തൊഴിലാളി യൂണിയൻ (കെഎസ്കെടിയു) വനിതാ സബ് കമ്മിറ്റി സംസ്ഥാനവ്യാപകമായി സംഘടിപ്പിച്ച പ്രതിഷേധത്തിൽ പതിനായിരക്കണക്കിനു സ്ത്രീകൾ പങ്കെടുത്തു. ഏരിയാ കേന്ദ്രങ്ങളിൽ കേന്ദ്ര സർക്കാർ ഓഫീസുകളിലേക്കാണ് മാർച്ചും ധർണയും സംഘടിപ്പിച്ചത്.

തലസ്ഥാനത്ത് രാജ്ഭവനിലേക്ക് നടന്ന മാർച്ചിൽ നൂറുകണക്കിനുപേർ അണിനിരന്നു. ഉന്തുവണ്ടിയിൽ ഗ്യാസ് കുറ്റിയും അടുപ്പും കൊണ്ടുവന്നായിരുന്നു പ്രതിഷേധം. മ്യൂസിയം ജങ്ഷനിൽനിന്ന് ആരംഭിച്ച മാർച്ച് രാജ്ഭവൻ പരിസരത്ത് പൊലീസ് തടഞ്ഞു. തുടർന്ന് നടന്ന ധർണ കെഎസ്കെടിയു സംസ്ഥാന ജനറൽ സെക്രട്ടറി എൻ ചന്ദ്രൻ ഉദ്ഘാടനംചെയ്തു.

മലപ്പുറം ജില്ലയിലും ഏരിയാ കേന്ദ്രങ്ങളിൽ സമരം നടന്നു. പൊന്നാനിയിൽ കെഎസ്കെടിയു ജില്ലാ സെക്രട്ടറി ഇ ജയൻ ഉദ്ഘാടനംചെയ്തു. സംസ്ഥാന കമ്മിറ്റിയംഗം എം ശോഭന (തിരൂരങ്ങാടി), ജില്ലാ ജോയിന്റ് സെക്രട്ടറി കെ മജ്നു (മലപ്പുറം), സിപിഐ എം പെരിന്തൽമണ്ണ ഏരിയാ കമ്മിറ്റി അംഗം എൻ ഹർഷ (പെരിന്തൽമണ്ണ), ജനാധിപത്യ മഹിളാ അസോസിയേഷൻ തിരൂർ ഏരിയാ പ്രസിഡന്റ് സി പി റംല (തിരൂർ), യൂണിയൻ മങ്കട ഏരിയാ സെക്രട്ടറി ടി പി വിജയൻ (മങ്കട), സിപിഐ എം നിലമ്പൂർ ഏരിയാ സെക്രട്ടറി ശിവാത്മജൻ (നിലമ്പൂർ), യൂണിയൻ ജില്ലാ കമ്മിറ്റി അംഗം അജിത (മഞ്ചേരി), യൂണിയൻ താനൂർ ഏരിയാ പ്രസിഡന്റ് പി അബ്ദുസമദ് (താനൂർ), യൂണിയൻ അരീക്കോട് ഏരിയാ സെക്രട്ടറി പി പ്രഭാകരൻ (അരീക്കോട്), യൂണിയൻ ജില്ലാ കമ്മിറ്റി അംഗങ്ങളായ ടി ജാനകി (കോട്ടക്കൽ), കെ ടി ഷിഫ്ന (വണ്ടൂർ), കെ പി ജമീല (വളാഞ്ചേരി), യൂണിയൻ എടപ്പാൾ ഏരിയാ കമ്മിറ്റി അംഗം സി എൻ പ്രസന്ന (എടപ്പാൾ) എന്നിവിടങ്ങളിൽ ഉദ്ഘാടനം ചെയ്തു.

കാണാം, കണ്ണെത്താ ദൂരം

ഭൂമിയും കെട്ടിടങ്ങളും നഷ്ടപ്പെട്ടവർക്ക് അർഹമായ നഷ്ടപരിഹാരം നൽകി

സ്വന്തം ലേഖകൻ

മലപ്പുറം

കാക്കഞ്ചേരിയിൽനിന്നും നോക്കിയാൽ ഇടിമുഴിക്കലും കടന്ന് രാമനാട്ടുകര മേൽപ്പാലത്തിനും അപ്പുറം കാണുന്ന കാഴ്ച. കിലോ മീറ്ററുകളോളം വളവും പുളവുമില്ലാത്ത നേർ റോഡ്. ദേശീയപാത 66 ആറുവരിയാകുമ്പോൾ തൃശൂരിൽനിന്നും കോഴിക്കോട് ഭാഗത്തേക്ക് യാത്രയിൽ ഇതാകും പ്രധാന കാഴ്ച. കോഴിക്കോട് ഭാഗത്തുനിന്നും വരുമ്പോൾ അപകടം പതിവായ കാക്കഞ്ചേരി ടൗൺ എത്തുന്നതിന് തൊട്ടുമുമ്പുള്ള എസ് വളവ് അടക്കം നിവർത്തിയാണ് ദേശീയപാത വീതി കൂട്ടുന്നത്.

വളവുകളെല്ലാം ഒഴിവായി നീണ്ടു നിവർന്നുകിടക്കുന്നുവെന്നതാണ് ദേശീയപാതാ വികസനത്തിന്റെ പ്രധാന പ്രത്യേകത. ദേശീയപാത ആറുവരി വികസനവുമായി ബന്ധപ്പെട്ട് കോടതിയിൽ പോലും ഇടംപിടിച്ച ഇടമായിരുന്നു കോഴിക്കോട്– മലപ്പുറം ജില്ലാ അതിർത്തിയായ ഇടിമുഴിക്കൽ. വലിയ സമര പ്രക്ഷോഭങ്ങൾക്കെല്ലാം ഇടിമുഴിക്കൽ സാക്ഷിയായി. ചേലേമ്പ്ര പഞ്ചായത്ത് ഓഫീസിനു മുന്നിൽ വലിയ സമരങ്ങൾ നടന്നു. എന്നാൽ, ജനങ്ങളെയാകെ വിശ്വാസത്തിലെടുത്ത് എൽഡിഎഫ് സർക്കാർ നടത്തിയ ഇടപെടലിൽ പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെട്ടു. ഭൂമിയും കെട്ടിടങ്ങളും നഷ്ടപ്പെട്ടവർക്ക് അർഹമായ നഷ്ടപരിഹാരം നൽകി.

വളവുകൾ നിവർത്തുന്നതിന്റെ ഭാഗമായി ഇടിമുഴിക്കൽ, പുത്തനത്താണി, വെട്ടിച്ചിറ ചുങ്കം, കൊളപ്പുറം എന്നിവിടങ്ങളിൽ നിലവിലെ അങ്ങാടിയിൽനിന്ന് അൽപ്പം മാറിയാണ് പാത കടന്നുപോകുന്നത്. രാമനാട്ടുകര മേൽപ്പാലം കടന്ന് മലപ്പുറം ജില്ലയിൽ പ്രവേശിക്കുന്ന പാത ഇടിമുഴിക്കൽ അങ്ങാടിക്കും ചേലേമ്പ്ര പഞ്ചായത്ത് ഓഫീസിനും പിന്നിലൂടെയാണ് കടന്നുപോകുന്നത്. നിലവിലുള്ള പാതയിൽ ചേലേമ്പ്ര പഞ്ചായത്ത് ഓഫീസിന് മുൻഭാഗത്ത് ഗതാഗതക്കുരുക്ക് പതിവാണ്. പാത ആറുവരിയാകുന്നതോടെ ഇവിടുത്തെ ഗതാഗതക്കുരുക്കിന് പരിഹാരമാകും. ദേശീയപാത യഥാർഥ്യമാകുന്നതോടെ എൽഡിഎഫ് സർക്കാരിന്റെ വികസന നേട്ടങ്ങളുടെ പൊൻതൂവലാകും.

ദേശീയപാത ആറുവരിയായി വികസിപ്പിക്കുന്നതിന്റെ ഭാഗമായി കാക്കഞ്ചേരിക്കും കലിക്കറ്റ് സർവകലാശാലക്കും ഇടയിൽ ചെട്ടിയാർമാട് ഭാഗത്ത് പ്രവൃത്തി പുരോഗമിക്കുന്നു

പരിഷത്ത് ജില്ലാ സമ്മേളനം നാളെ തുടങ്ങും

മലപ്പുറം

കേരള ശാസ്ത്രസാഹിത്യ പരിഷത്ത് ജില്ലാ സമ്മേളനം ശനി, ഞായർ ദിവസങ്ങളിൽ കുറ്റിപ്പുറം നടുവട്ടം എയുപി സ്കൂളിൽ നടക്കും. ശനി രാവിലെ 10ന് സമ്മേളനം ട്രാൻസ്ജെൻഡർ ആക്റ്റിവിസ്റ്റ് ശീതൾ ശ്യാം ഉദ്ഘാടനംചെയ്യും. വി കെ രാജീവ് അധ്യക്ഷനാകും. ഉദ്ഘാടന ചടങ്ങിൽ സമ്പൂർണ ക്ലാസ് ലൈബ്രറി പ്രഖ്യാപനം, ശാസ്ത്ര പുസ്തക വിതരണം, ഡോക്യുമെന്ററി പ്രദർശനം, ഡോ. കെ പി അഹമ്മദ് അഫ്സൽ അധ്യക്ഷനായി. ജില്ലാ ആർസിഎച്ച് ഓഫീസർ ഡോ. എ ഷിബുലാൽ, ജില്ലാ മെഡിക്കൽ ഓഫീസിലെ ഡോ. നവ്യ ജെ തൈക്കാട്ടിൽ, ജില്ലാ ടിബി ഓഫീസർ ഡോ. സി ഷുബിൻ എന്നിവർ പങ്കെടുത്തു. മലപ്പുറം ആർദ്രം നോഡൽ ഓഫീസർ ഡോ. വി ഫിറോസ് ഖാൻ സ്വാഗതവും ജില്ലാ മാസ് മീഡിയ ഓഫീസർ പി രാജു നന്ദിയും പറഞ്ഞു.

ഹജ്ജ് കമ്മിറ്റി ഓർഗനൈസിങ് രൂപീകരണ യോഗം ഇന്ന്

കരിപ്പൂർ

സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ ഹജ്ജ് ക്യാമ്പ് ഓർഗനൈസിങ് കമ്മിറ്റി രൂപീകരണ യോഗം വെള്ളി വൈകിട്ട് നാലിന് കരിപ്പൂർ ഹജ്ജ് ഹൗസിൽ ചേരും. മന്ത്രി വി അബ്ദുറഹ്മാൻ ഉദ്ഘാടനംചെയ്യും. ജനപ്രതിനിധികൾ, മത, രാഷ്ട്രീയ, സന്നദ്ധ സംഘടനാ ഭാരവാഹികൾ എന്നിവർ യോഗത്തിൽ പങ്കെടുക്കണമെന്ന് സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാൻ സി മുഹമ്മദ് ഫൈസി അഭ്യർഥിച്ചു.